"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. റാണി.ഒ.സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ EKM 1111/2023 നമ്പർ കേസിലെ 06.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2344/2023/LSGD    തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി. റാണി.ഒ.സി. സർക്കാരിൽ സമർപ്പിച്ച 05.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ7)
3. ശ്രീമതി. റാണി.ഒ.സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1111/2023 നമ്പർ കേസിലെ 06.07.2023 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2023 തീയതിയിലെ LSGD/PD/61421/2023-DEC2 നമ്പർ കത്ത്.
5. 15.11.2023 തീയതിയിലെ അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. റാണി.ഒ.സി. പരാമർശം 2(അനക്ഷർ എ7) പ്രകാരം, അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി. റാണി.ഒ.സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1111/2023 നമ്പർ കേസിലെ 06.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം, അപേക്ഷകയുടെ അനക്ഷർ എ 7 അപ്പീൽ അപേക്ഷയിൽ ഉത്തരവ് ലഭിച്ച തീയതിമുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. റാണി.ഒ.സി. സമർപ്പിച്ച അനക്ഷർ എ 7 അപ്പീൽ അപേക്ഷ പ്രകാരം, 2023 ജനറൽ ട്രാൻസ്ഫറിൽ തൃശ്ശൂർ ജില്ലയിലെ വടക്കേക്കാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നതായും, 30.04.2024ൽ വിരമിക്കുന്നതായും, ഹോം സ്റ്റേഷൻ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്താണ് എന്നും സ്ഥലംമാറ്റം പെൻഷൻ കാര്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കും എന്നതും യാത്രാക്ലേശവും പരിഗണിച്ച് കൊടുങ്ങല്ലൂർ നഗരസഭയിൽ

നിലനിർത്തണം എന്നും അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഹർജിക്കാരിയായ ശ്രീമതി. റാണി.ഒ.സി 13-10-2017 മുതൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്നതായും, നിലവിൽ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടുണ്ട് എന്നും അറിയിക്കുന്നു. 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാത്തിനാലും ജോലിചെയ്തിരുന്ന കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലുമാണ് പൊതുസ്ഥലംമാറ്റമാനദണ്ഡപ്രകാരം ഒഴിവ് നിലവിലുണ്ടായിരുന്ന വടക്കേക്കാട് ഗ്രാമപഞ്ചായത്തിലേക്ക് ഹർജിക്കാരിയെ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്. ആയതിനാൽ ശ്രീമതി. റാണി.ഒ.സി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണനാർഹമല്ലെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ ശ്രീമതി. റാണി.ഒ.സി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുന്ന പക്ഷം അത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ഉൾപ്പെടെ ബാധിക്കുകയും കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. മേൽ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 15.11.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, കൊടുങ്ങല്ലൂർ നഗരസഭയിൽ നിലനിർത്തണമെന്ന ശ്രീമതി. റാണി.ഒ.സി.-യുടെ ആവശ്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ 13.10.2017 മുതൽ കൊടുങ്ങല്ലൂർ നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. റാണി.ഒ.സി. ടി നഗരസഭയിൽ 3 വർഷം പൂർത്തിയാക്കിയതും എന്നാൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. അതിനാലാണ് പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഒഴിവ് നിലവിലുണ്ടായിരുന്ന വടക്കേക്കാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നത്. ആയതിനാൽ കൊടുങ്ങല്ലൂർ നഗരസഭയിൽ നിലനിർത്തണമെന്ന ആവശ്യം പരിഗണനാർഹമല്ല. എന്നാൽ 30.04.2024ൽ വിരമിക്കുന്നതാണെന്നും യാത്രാബുദ്ധിമുട്ടും പരിഗണിച്ച് അപേക്ഷകയുടെ താമസസ്ഥലത്തിന് സമീപത്തുള്ള, തൃശ്ശൂർ ജില്ലയിലെ എതെങ്കിലും സ്റ്റേഷനിൽ ടിയാൾക്ക് നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5.മേൽ സാഹചര്യത്തിൽ ശ്രീമതി. റാണി.ഒ.സി. 30.04.2024ൽ വിരമിക്കുന്നതാണെന്നതും, ടിയാളുടെ യാത്രാബുദ്ധിമുട്ടും പരിഗണിച്ച് അപേക്ഷകയുടെ താമസസ്ഥലത്തിന് സമീപത്തുള്ള, തൃശ്ശൂർ ജില്ലയിലെ എതെങ്കിലും സ്റ്റേഷനിൽ ടിയാൾക്ക് നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപേക്ഷകയുടെ അനക്ഷർ എ 7 അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

6.മേൽപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ ഒ.എ EKM 1111/2023 നമ്പർ കേസിലെ 06.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

ശ്രീമതി. റാണി.ഒ.സി., സീനിയർ ക്ലർക്ക് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 27-11-2023 16:50:18

സെക്ഷൻ ഓഫീസർ